(ഡി) ഡെപ്പോസിറ്റ് മൊബിലൈസേഷനിലൂടെ സമാഹരിക്കുന്ന തുക ഏതെല്ലാം മേഖലകളിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) 26-ാമത് സഹകരണ നിക്ഷേപ സമാഹകരണ യജ്ഞം 2005 മാർച്ച് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങൾ മുഖേന 400 കോടി (നാനൂറ് കോടി) രൂപയുടെ അധിക നിക്ഷേപം സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിമിക്കുന്നത്.

(സി) സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങളിൽ നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31-3-2005 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഡെപ്പോസിറ്റ് മൊബിലൈസേഷൻ കാലയളവിൽ സംഘങ്ങളുടെ വായ്പാ കുടിശ്ശിക അടയ്ക്കുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(ഡി) സഹകരണ മേഖലയിലൂടെ സ്വരൂപിക്കുന്ന നിക്ഷേപങ്ങളിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട കരുതൽ (തരളധനം) കഴിച്ചുള്ള തുക മിതമായ പലിശ നിരക്കിലും സംഘങ്ങൾക്കും സാധാരണ ജനങ്ങൾക്കും വിവിധ ഇനം വായ്പകൾ നൽകുന്നതിനാണ് പ്രധാനമായും വിനിയോഗിക്കുന്നത്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽനിന്ന് വിദ്യാർത്ഥികളെ പുറത്താക്കിയ നടപടി

13 [*262] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, കെ. പി. രാജേന്ദ്രൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ കോളേജുകളിൽനിന്നും പുറത്താക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള പരാതികളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2003-04 വർഷത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളിൽനിന്ന് സർക്കാർ കോളേജുകളിൽ നിലവിലുള്ള ഫീസ് മാത്രമേ ഈടാക്കാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവുകൾക്കെതിരെ, മാനേജ്മെന്റുകൾ കോടതിയെ സമീപിക്കുകയും, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷനെ ഫീസ് ഘടന നിശ്ചയിക്കുന്നതിനായി, സർക്കാർ നിയമിച്ചു. കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച ഫീസ് നൽകാൻ തയ്യാറാകാത്ത വിദ്യാർത്ഥികളെയാണ് മാനേജ്മെന്റുകൾ പുറത്താക്കിയത്. എന്നാൽ ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ വിധിക്ക് വിധേയമായി മാത്രമേ സർക്കാരിന് ഒരു അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ്ടു വിദ്യാർത്ഥികൾക്കായി എൻ. സി. സി. ബാച്ച് തുടങ്ങാൻ നടപടി

14 [*263] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളിൽനിന്ന് ഫ്രീഡിഗ്രി വേർപെടുത്തി പ്ലസ്ടു കോഴ്സ് ആരംഭിക്കുകവഴി എൻ. സി. സി.-യിൽ ചേരാനുള്ള പ്ലസ്ടു വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുവാക്കളിൽ ദേശീയ ബോധവും അച്ചടക്കവും ധീരതയും ഉയർത്തുക എന്ന ലക്ഷ്യം പരിഗണിച്ച് സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് പ്ലസ്ടു സ്കൂളുകളിലും പ്ലസ്ടു വിദ്യാർത്ഥികൾക്കായി എൻ. സി. സി. തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. 29-1-2005-ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 414/2005/പൊ. വി. വ. എന്ന ഉത്തരവുപ്രകാരം സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളിലും എൻ. സി. സി. യൂണിറ്റുകൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

യൂണിവേഴ്സിറ്റി യൂണിയനുകളിലേക്കും, കോളേജ് യൂണിയനുകളിലേക്കും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്താൻ നിയമനിർമ്മാണം

15 [*264] ശ്രീ. എം. വി. ജയരാജൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാലയങ്ങളിലെ തെരഞ്ഞെടുപ്പുകൾ ജനാധിപത്യ അടിസ്ഥാനത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly